കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

പ്രവചന കാലയളവ് 27.03.2024 മുതൽ 31.03.2024 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ

കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും

ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

എ എ എസ് ബുള്ളറ്റിൻ നമ്പർ 13/2024 (25) ചൊവ്വാഴ്ച	തീയ്യതി 26/03/2024

2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

കാലാവസ്ഥാ ഘടകങ്ങൾ	27.03.2024	28.03. 2024	29.03.2024	30.03. 2024	31.03.2024
മഴ (മില്ലി മീറ്റർ)	0.2	0.6	0.1	0.3	0.2
ഉയർന്ന താപനില (°C)	37	37	37	37	37
കുറഞ്ഞ താപനില (°C)	27	27	27	27	27
കൂടിയ അന്തരീക്ഷ ആർദ്രത (%)	85	87	85	90	90
കുറഞ്ഞ അന്തരീക്ഷ ആർദ്രത (%)	70	72	70	75	70
കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ)	5	4	4	6	4
കാറ്റിന്റെ ദിശ (ഡിഗ്രി)	250	270	270	270	270
മേഘ വ്യാപ്തി (ഒക്ടാ)	4	3	5	4	4

കാലാവസ്ഥാ അറിയിപ്പ്: എറണാകുളം ജില്ലയിൽ 26.03.2024 മുതൽ 30.03.2024 വരെ കൂടിയ താപനില ഏകദേശം 38 ℃ ആയിരിക്കാൻ സാധ്യതയുണ്ട്.

IMD യുടെ പ്രവാചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത.
കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: വേനൽച്ചൂടിൽനിന്നും മനുഷ്യരെയും സസ്യങ്ങളെയും, പക്ഷിമൃഗാധികളെയും സംരക്ഷിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ശരീരത്തിന്റെ നിർജലീകരണം തടയാൻ ഇടക്കിടക്ക് ധാരാളം ശുദ്ധജലം കുടിക്കുക. ചൂടുകൂടിയസമയങ്ങളിൽ പുറത്തുപോകുന്നത് കഴിവതും ഒഴിവാക്കുക. അതുവഴി സൂര്യതാപത്തിൽ നിന്നും രക്ഷ നേടാം. കൃഷിപ്പണികൾ ചെയ്യുമ്പോൾ സൂര്യപ്രകാശം നേരിട്ട് ശരീരത്തിൽ പതിക്കാത്തവിധത്തിൽ തൊപ്പി, കുട എന്നിവ ഉപയോഗിക്കുക. ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും വിളകൾക്ക് ആവശ്യഘട്ടങ്ങളിൽ ജലസേചനംകൊടുക്കുകയും, മണ്ണിൽ ആവശ്യത്തിന് ഈർപ്പമുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക. ശക്തിയായ സൂര്യപ്രകാശം ഇല്ലാത്തപ്പോൾ മാത്രം ജലസേചനം കൊടുക്കുക. കണികാജലസേചനത്തിലൂടെ ജലനഷ്ട്ടം ഒരുപരിധിവരെ കുറക്കാനാകും.

വിളകൾ	രോഗ-കീടങ്ങൾ	കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila)
നെല്ല് (പുഞ്ച) കതിരു വന്ന പരുവം	-	ഉയർന്ന താപനില നെല്ലിന്റെ പരാഗണത്തെ പ്രതികൂലമായി ബാധിക്കും. നെല്ലിൽ കതിർ വന്ന പരുവം ആയതിനാൽ നെല്പാടങ്ങളിൽ ജല ലഭ്യത ഉറപ്പ് വരുത്തുക. വൈകി വിതച്ച പാടങ്ങളിൽ ഇത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
തെങ്ങ്, കവുങ്ങ്	-	വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ, തെങ്ങ്, കവുങ്ങ് എന്നിവയ്ക്ക് ആവശ്യത്തിന് ജലസേചനം നൽകുക. തെങ്ങിൻ തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ ഉണങ്ങിയതോ ആയ ചകിരി ഇട്ടു മൂടുന്നത് നല്ലതാണ്. തെങ്ങ്, കവുങ്ങ് എന്നിവയെ ശക്തമായ ചൂടിൽ നിന്നും സംരക്ഷിക്കുന്നതിനായി കുമ്മായം തടിയുടെ താഴത്തെ ഭാഗത്ത് പൂശിക്കൊടുക്കുന്നത് നല്ലതാണ് .
തക്കാളി	പൂകൊഴിച്ചിൽ	താപനിലയിലുണ്ടാകുന്ന വർദ്ധനവ് തക്കാളിയിലെ പൂകൊഴിച്ചിലിന് കാരണമായേക്കാം .തക്കാളി ചെടികൾക്ക് കുറഞ്ഞ തോതിൽ തണൽ നൽകുന്നതും ആവശ്യത്തിന് ജലസേചനം നൽകുന്നതും ഉത്തമമാണ്.

മൃഗസംരക്ഷണം -: വളർത്തുപക്ഷി മൃഗാധികൾക്കു ആവ്യശ്യത്തിനു ശുദ്ധജലം നൽകണം, വെയിലിൽ നിന്നും ചൂടിൽ നിന്നും സംരക്ഷണം നൽകണം. അവയുടെ താമസ സ്ഥലത്ത് വേണ്ടത്ര വായുസഞ്ചാരം ക്രമീകരിക്കണം. ചൂട് കൂടിയ സമയത്ത് കന്നുകാലികളെ മേയാന് വിടാതിരിക്കുക.. (CAADECCS, KVASU, Mannuthy).